## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 485. 06.02.2013 ൽ മറുപടിയ്ക്ക്

### കാസർഗോഡ് - മംഗളുരു അന്തർ സംസ്ഥാന ബസ് സർവ്വീസ്

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും<br>വകുപ്പമന്ത്രി |
|---|---|---|
| (എ) കാസർഗോഡ്-മംഗളുരു അന്തർ സംസ്ഥാന റൂട്ടിൽ ബഹു. സുപ്രീം കോടതി വിധി മറി കടന്ന് സ്വകാര്യ ബസ്സുകൾക്ക് കൂട്ടത്തോടെ അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടുവോ; | (എ) | ഇല്ല. |
| (ബി) എങ്കിൽ 22 സ്വകാര്യ ബസ്സുകൾക്ക് ഒരു മാസത്തേക്കുള്ള താൽക്കാലിക പെർമിറ്റ് നൽകാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ; | (ബി) | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അന്തർ സംസ്ഥാന റൂട്ടിൽ, ഇരു സംസ്ഥാനങ്ങളിലും ടാക്സ് അടച്ച് ഓടുന്ന സ്വകാര്യ ബസ്സുകളുടെ പെർമിറ്റോ/ പെർമിറ്റ് കൗണ്ടർ സിഗ്നേച്ചറോ ക്യാൻസൽ ചെയ്തതിനെതിരെയും പെർമിറ്റ് പുതുക്കുന്നതോ/ താത്കാലിക പെർമിറ്റ് കൌണ്ടർ സിഗ്നേച്ചർ ചെയ്യുന്നതോ/ നിരാകരിച്ചതിനെതിരെയും പെർമിറ്റ് ഉടമസ്ഥന്മാർ എറണാകുളം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ, മുൻപാകെ അപ്പീൽ സമർപ്പിച്ചു.<br>സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ, ടി അപ്പീലുകളിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് അനുസരിച്ച് പതിനാറ് (16) സ്വകാര്യ ബസ്സുകൾക്ക് സർവീസ് |

| | | |
|---|---|---|
| | | നടത്താനുള്ള അനുമതി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി നൽകി.അപ്പീൽ തീർപ്പാകാത്തതിനാൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ, ടി ബസ്സുകൾക്ക് അപ്പീലിലെ ഇടക്കാല ഉത്തരവുകളിലൂടെ പെർമിറ്റ് ഓപ്പറേറ്റ് ചെയ്യാനുള്ള അനുമതി വീണ്ടും നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പെർമിറ്റ് നീട്ടി നല്കിയിട്ടുള്ളത്. |
| (സി) കേരള – കർണ്ണാടക സർക്കാരുകൾ ഒപ്പുവച്ച കരാർ പ്രകാരം ഈ റൂട്ടിൽ കെ.എസ്. ആർ.ടി.സി.യ്ക്ക് മാത്രമേ സർവ്വീസ് നടത്താവൂ എന്ന കരാർ ഗതാഗത വകുപ്പിലെ ഉദ്യോഗസ്ഥ മേധാവികൾ അട്ടിമറിച്ചതായി കരുതുന്നുണ്ടോ ; വിശദമാക്കുമോ ;<br>(ഡി) പ്രസ്തുത കരാർ ലംഘനം കെ.എസ്.ആർ.ടി.സി. യെയും അന്തർ സംസ്ഥാന സർവ്വീസുകളെയും തകർക്കാനുള്ള സമീപനത്തിന്റെ ആദ്യ ഘട്ടമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) & (ഡി) | ഇല്ല. കെ.എസ്.ആർ.ടി.സിയ്ക്ക് മാത്രമേ സർവീസ് നടത്താവൂ എന്ന് കരാറിലില്ല. പുതുതായോ, വരുന്ന ഒഴിവുകളിലോ കെ.എസ്.ആർ.ടി.സിക്ക് മാത്രം നൽകണമെന്നാണ് കരാറിലുള്ളത്. അന്തർ സംസ്ഥാന കരാർ അനുസരിച്ച് അനുവദിച്ചിട്ടുള്ള സ്വകാര്യ സർവീസുകൾക്ക് സർവീസ് നടത്തുന്നതിന് യാതൊരു നിയമ തടസ്സവുമില്ല. |
| (ഇ) പ്രസ്തുത റൂട്ടിൽ സ്വകാര്യബസ് സർവ്വീസ് അനുവദിച്ചത് കെ. എ സ്.ആർ.ടി.സി. യെ കടുത്ത പ്രതിസന്ധിയിലാക്കി – യെന്ന വസ്തുത ശ്രദ്ധയിൽ പെട്ടുവോ; വിശദമാക്കുമോ;<br>(എഫ്) കരാർ ലംഘനം നടത്തിയ ഉദ്യോഗസ്ഥ മേധാവികൾക്കെ – തിരെ കർശന നടപടി സ്വീകരിക്കുവാനും പ്രസ്തുത റൂട്ടിൽ സ്വകാര്യബസ്സുകൾക്ക് കൂട്ടത്തോടെ അനുമതി നൽകിയ പെർമിറ്റ് റദ്ദാക്കാനും | (ഇ) & (എഫ്) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുടമകൾ, ബഹു.സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തങ്ങളുടെ അന്തർ സംസ്ഥാന പെർമിറ്റ് റദ്ദാക്കിയ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ നടപടിക്കെതിരെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ സമർപ്പിച്ച പരാതികളിന്മേൽ, ട്രൈബ്യൂണ- |

| | | |
|---|---|---|
| ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കുമോ? | | ലിന്റെ ഇടക്കാല ഉത്തരവിനെ തുടർന്നാണ് അന്തർ സംസ്ഥാന റൂട്ടിൽ സ്വകാര്യ ബസ്സുകൾക്ക് താത്കാലിക പെർമിറ്റ് അനുവദിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചത്. ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിനെതിരെ, ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാനുള്ള നിയമസാധുത സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.